



# മരുഭൂമി

## അഡോണിസ്



വിവ: ഡോ.എം.എ.അസ്കർ

(അറബിയിൽ നിന്ന്)

1
നഗരങ്ങൾ പരസ്പരം ലയിച്ചു ചേരുന്നു
ഭൂമി ഒരു പൊടിനിറച്ച വണ്ടിയാണ്
കവിത മാത്രം
ഈ അന്തരീക്ഷത്തെ കൂട്ടിയിണക്കൽ അറിയുന്നു.

2
അവന്റെ വീട്ടിലേക്ക് വഴികളേതുമില്ല,ഉപരോധം,
വഴികൾ ശവപ്പറമ്പാകുന്നു.
ദൂരെ നിന്ന്,
അവന്റെ മേൽക്കൂരയ്ക്കുമേൽ
സംഭ്രമപ്പെട്ട ഒരു നിലാവ്,
ചിതാധൂളികൾ കോർത്ത ചരടിൽ തൂങ്ങിയാടുന്നു...
ഞാൻ പറഞ്ഞു :
ഞങ്ങളുടെ വീട്ടിലേക്കുള്ള എന്റെ വഴിയാണിത്
അയാൾ പറഞ്ഞു:
ഒരിക്കലുമല്ല.കടന്നു പോകരുത്, അയാൾ എന്റെ നേർക്കു തോക്കു ചൂണ്ടി.
നല്ലത്
എല്ലാ തെരുവുകളിലും
എനിക്കു കൂട്ടുകാരുണ്ട്; പാർപ്പിടങ്ങളും.

3
ചോരപ്പാതകൾ
ചോര,
അതിനെകുറിച്ചു,
ഒരു കുട്ടി അവന്റെ കൂട്ടുകാരോട് അടക്കം പറയുന്നു:
ആകാശത്ത് ഒന്നും അവശേഷിക്കില്ല;
നക്ഷത്രങ്ങളെന്നു വിളിക്കപ്പെടുന്ന ചില ഗർത്തങ്ങളല്ലാതെ.

4
നഗരശബ്ദം നേർത്തതായിരുന്നു;
കാറ്റിനു പോലും അതിന്റെ തന്ത്രികളെ മീട്ടാൻ കഴിയാത്ത വിധം.
നഗരമുഖം പ്രകാശിക്കുന്നുന്നുണ്ടായിരുന്നു;
രാത്രിയിലേക്ക് സ്വപ്നങ്ങളെ ഒരുക്കി വെക്കുകയും
പ്രഭാതത്തിനു തന്റെ സിംഹാസനം സമർപ്പിക്കുകയും ചെയ്തുകൊണ്ട്...

5
ചില ആളുകളെ അവർ ചാക്കുകെട്ടുകളിൽ കണ്ടെത്തി:
തലയില്ലാത്ത ഒരാൾ
രണ്ടു കൈകളും നാവുമില്ലാത്ത ഒരാൾ
ശ്വാസം മുട്ടി മരിച്ച ഒരാൾ
പിന്നെയുള്ളവർക്ക് പേരും രൂപവുമില്ലായിരുന്നു.
നിനക്ക് ഭ്രാന്തു പിടിച്ചോ?
ഇതിനെകുറിച്ചൊന്നും നീ എഴുതില്ലെന്നു പ്രതീക്ഷിക്കട്ടെ...

6
ഒരു പുസ്തകത്താൾ
അതിൽ അഗ്നിഗോളകാസ്ത്രങ്ങൾ കണ്ണാടി നോക്കുന്നു,
പ്രവചനങ്ങളും പോയകാലദർശനങ്ങളും കണ്ണാടി നോക്കുന്നു,
അൾത്താരകൾ കണ്ണാടി നോക്കുന്നു...
അക്ഷരങ്ങൾ കൊണ്ടു തീർത്ത ഒരു പരവതാനി
ഓർമ്മയുടെ നെയ്ത്തുസൂചിയിൽ നിന്ന് തെന്നിമാറി
നഗരമുഖത്തേക്ക്
കെട്ടഴിഞ്ഞു വീഴുന്നു...

7
നഗരാന്തരീക്ഷത്തിൽ ഒരു കൊലയാളി,
അതിന്റെ മുറിവിലൂടെ വിനോദയാത്ര നടത്തുന്നു...
നഗരനാമത്തെ പിടിച്ചുലച്ച
പതനമാണതിന്റെ മുറിവ്...
അതിന്റെ പേരിന്റെ രക്തസ്രാവത്തിനൊപ്പം
ഞങ്ങൾക്കു ചുറ്റുമുള്ള വീടുകളെല്ലാം,
ചുമരറ്റു പോകുന്നു,
ഞാൻ ഞാനല്ലാതെയാകുന്നു...

8
ബധിരനും മൂകനുമായി നിങ്ങൾ ജീവിതത്തെ പുൽകുന്ന
ഒരു കാലം വരുമായിരിക്കാം,
അവർ നിങ്ങളെ പിറുപിറുക്കുവാൻ
അനുവദിക്കുമായിരിക്കാം:
മരണം,
ജീവിതം,
ഉയിർപ്പ്...,
നിങ്ങൾക്കു ശാന്തി...

9

പനങ്കള്ളിൽ നിന്ന് മരഭൂമിയുടെ മൗനത്തിലേക്ക്,
സ്വന്തം ആമാശയം കടത്തിക്കൊണ്ടുപോവുകയും
വിപ്ലവകാരികളുടെ കബന്ധങ്ങൾക്കു മേൽ
നിദ്രകൊള്ളുകയും ചെയ്യുന്ന പ്രഭാതത്തിൽ നിന്ന്,
തെരുവുകളിൽ നിന്ന് ,
ചരക്കുവണ്ടികളിൽ നിന്ന്
പോരാളികളിൽ നിന്ന്,സൈന്യത്തിൽ നിന്ന്,
സ്ത്രീപുരുഷൻമാരുടെ നിഴലുകളിൽ നിന്ന്,
വിശ്വാസികളുടെയും അവിശ്വാസികളുടെയും പ്രാർത്ഥനകളിൽ
പതിയിരിക്കുന്ന അഗ്നിഗോളകാസ്ത്രങ്ങളിൽ നിന്ന്,
ഇരുമ്പൂറി മാംസം സ്രവിക്കുന്ന
ഇരുമ്പായുധങ്ങളിൽ നിന്ന്,
ധാന്യമണികളെ, പുല്ലിനെ, തൊഴിലാളികളെ,
സ്വപ്നം കാണുന്ന പാടങ്ങളിൽ നിന്ന്,
നമ്മുടെ ശരീരങ്ങൾക്ക് ഭിത്തിയാവുകയും
നമുക്കു മേൽ ഇരുട്ടു വീഴ്ത്തി പേടിപ്പിക്കുകയും ചെയ്യുന്ന സൗധങ്ങളിൽ നിന്ന്,
ജീവിതം ഉൽഘോഷിക്കുന്ന, ജീവിതത്തെ മുന്നോട്ടു നയിക്കുന്ന,
മരിച്ചവരുടെ ഇതിഹാസങ്ങളിൽ നിന്ന്,
കൂട്ടക്കശാപ്പാകുന്ന വാക്കുകളിൽ നിന്ന്,
കൂട്ടക്കശാപ്പിൽ നിന്ന്
കശാപ്പുകാരിൽ നിന്ന്,
കൂരിരുട്ടിൽ നിന്ന്,
ഞാൻ നിശ്വസിക്കുന്നു,
എന്റെ ദേഹം തൊട്ടു നോക്കുന്നു,
ഞാൻ എന്നെയും നിന്നെയും അവനെയും അവരെയും തിരയുന്നു...
ചോരയൊലിക്കുന്ന ഈ വാക്കുകൾക്കും എന്റെ മുഖത്തിനുമിടയിൽ
ഞാനെന്റെ മരണത്തെ കഴുവേറ്റുന്നു...

10

നീ തിരിച്ചറിയും -
അവന്റെ പേരു പറയുക
അല്ലെങ്കിൽ ഞാനവന്റെ മുഖം വരച്ചിട്ടുണ്ടെന്നു പറയുക
നിന്റെ കൈ അവന്റെ നേർക്ക് നീട്ടുക
അല്ലെങ്കിൽ ഒന്നു പുഞ്ചിരിക്കുക
അല്ലെങ്കിൽ പറയുക; ഞാൻ ഒരിക്കൽ സന്തോഷിച്ചു.
അല്ലെങ്കിൽ പറയുക; ഞാൻ ഒരിക്കൽ ദു:ഖിച്ചു.
നീ തിരിച്ചറിയും ;അവിടെ ഒരു ദേശമില്ലെന്ന്...

11

കൊലപാതകം നഗരരൂപത്തെ വികൃതമാക്കിയിരിക്കുന്നു-
ഒരു കുഞ്ഞിന്റെ ശിരസ്സാണ് ഈ ശിലാഖണ്ഡം,
മനുഷ്യരുടെ നെടുവീർപ്പാണ് ഈ പുക,
ഓരോ വസ്തുവും അതിന്റെ പ്രവാസം കഥനം ചെയ്യുന്നു...
-ഒരു രക്തമഹാസമുദ്രം-
ഈ പ്രഭാതങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നത് ;
മൂടൽമഞ്ഞിലേക്ക്,
കശാപ്പിന്റെ ആഴങ്ങളിലേക്ക് ,
അവയുടെ യാത്രോദ്യുക്തരാം രക്തധമനികളെയല്ലാതെ?

12

നിങ്ങളവളോട് രാക്കഥ പറയൂ,
രാക്കഥ അൽപം വിസ്തരിച്ചാകട്ടെ...,

അവൾ മരണത്തെ മടിയിലിരുത്തുന്നു
അവളുടെ ദിനങ്ങളെ കീറിയ ഒരു കടലാസുകഷ്ണമായി അവൾ മാറ്റുന്നു.
അവളുടെ ഭൗമഘടനയുടെ അവസാന ചിത്രം കാത്തുവെക്കുക.
അവളുടെ പൂഴിമണലിൽ, അഗ്നിസ്ഫുലിംഗങ്ങളുടെ മഹാസാഗരത്തിൽ
അവൾ കീഴ്മേൽ മറിയുന്നു.
അവളുടെ മേനിയിൽ മനുഷ്യരോദനങ്ങളുടെ കറ പറ്റിയിട്ടുണ്ട്.

13
വിത്തുകൾ, വിത്തുകൾ
രക്തത്തിന്റെ ഉൻമാദം
ഞങ്ങളുടെ ഇതിഹാസങ്ങളുടെ വിളഭൂമിയിൽ വിതയ്ക്കുന്നു.
ഋതുക്കളുടെ ഗന്ധത്തെകുറിച്ചും
ആകാശത്തിലെ ഇടിമിന്നലിനെകുറിച്ചുമാണ് ഞാൻ സംസാരിക്കുന്നത്.

14
ഗോപുരചത്വരം-
(ഒരു ശിലാശാസനം, അതിന്റെ രഹസ്യങ്ങൾ തകർന്ന പാലങ്ങളോട് അടക്കം പറയുന്നു...)
ഗോപുരചത്വരം-
(ഓർമ്മകൾ, അഗ്നിയിലും പൊടിപടലങ്ങളിലും അവയുടെ രൂപം തിരയുന്നു...)
ഗോപുരചത്വരം-
(തുറസ്സായ ഒരു മരുഭൂമി, കാറ്റ് അതിനെ സ്വീകരിക്കുകയും വലിച്ചെറിയുകയും ചെയ്യുന്നു)
ഗോപുരചത്വരം-
(കബന്ധങ്ങൾ ചലിക്കുന്നതു കാണാൻ രസമാണ് /
അവയുടെ കണ്ണുകൾ ഒരു തെരുവിലും
ആത്മാക്കൾ മറ്റൊരു തെരുവിലുമാണ്/
അവയുടെ നെടുവീർപ്പുകളും കേൾക്കാം...)
ഗോപുരചത്വരം-
(കിഴക്കിലും പടിഞ്ഞാറിലും കഴുമരങ്ങൾ നാട്ടിയിരിക്കുന്നു-രക്തസാക്ഷികൾ, ആജ്ഞകൾ...)
ഗോപുരചത്വരം-
( സാർത്ഥവാഹക സംഘങ്ങൾ :മിർറ്, കുന്തിരിക്കം,കസ്തൂരി,
സുഗന്ധദ്രവ്യങ്ങൾ ആഘോഷങ്ങളുടെ കൊടിയേറ്റം നടത്തുന്നു)
ഗോപുരചത്വരം-
(സാർത്ഥവാഹക സംഘങ്ങൾ:മേഘഗർജ്ജനങ്ങൾ, സ്ഫോടനങ്ങൾ,
കൊടുങ്കാറ്റുകൾ ആഘോഷങ്ങളുടെ കൊടിയേറ്റം നടത്തുന്നു)
ഗോപുരചത്വരം-
(ഈ ദേശത്തിന്റെ പേരിൽ ഈ കാലത്തെ ഞാൻ കെട്ടഴിച്ചു വിടുന്നു...)
കബന്ധങ്ങളും നാശാവശിഷ്ടങ്ങളുമാണോ
ബൈറൂത്തിന്റെ മുഖം?
ഈ മണിമുഴക്കമാണോ, അതല്ല ഈ അട്ടഹാസവുമാണോ?
-ഒരു കൂട്ടുകാരൻ?
നീ?
സ്വാഗതം.
നീ യാത്ര പോയിരുന്നോ?
നീ തിരിച്ചു വന്നോ?
നിന്റെ വിശേഷമെന്തൊക്കെ?
- ഞങ്ങളുടെ ഒരു അയൽവാസിയെ അവർ കൊന്നു......
.......................................................................................
ഒരു കളി/
ഇന്ന് നിന്റെ കരുക്കൾ ശക്തമാണ്,
യാദൃച്ഛികം/
.........................................
ഇരുട്ട്
വാക്കുകൾ വാക്കുകളെ ക്ഷണിച്ചു വരുത്തുന്നു...